## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5215 | 06-02-2014 ന് മറുപടിയ്ക്ക്

## നെല്ലിയാമ്പതിയിലെ സർക്കാർ ഏറ്റെടുത്ത തോട്ടങ്ങളുടെ ചുമതല

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. വി. ചെന്താമരാക്ഷൻ** | | **ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** | |
| (എ) | നെല്ലിയാമ്പതിയിലെ സർക്കാർ ഏറ്റെടുത്ത തോട്ടങ്ങളുടെ ചുമതല വനം വകുപ്പിന് തന്നെയാണോ; അതോ മറ്റേതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | നെല്ലിയാമ്പതിയിലെ സർക്കാർ ഏറ്റെടുത്ത തോട്ടങ്ങളുടെ ചുമതല വനം വകുപ്പിന് തന്നെയാണ്. സർക്കാർ ഏറ്റെടുത്ത തോട്ടങ്ങളിൽ ചെറുനെല്ലി ഒഴികെയുള്ള റോസറി, ബിയാട്രീസ്, മീരാഫ്ളോറസ് എന്നീ തോട്ടങ്ങൾ വിളശേഖരണത്തിനായി 11-12-2011 ന് കെ.എഫ്.ഡി.സിയ്ക്ക് കൈമാറിയിട്ടുണ്ട്. നിലവിൽ അവിടുത്തെ വിളശേഖരണവും മറ്റ് പരിപാലന ജോലികളും കെ.എഫ്.ഡി.സിയാണ് ചെയ്തുവരുന്നത്. ചെറുനെല്ലി എസ്റ്റേറ്റിലെ വിളശേഖരണവും മറ്റ് ജോലികളും വനം വകുപ്പിന്റെ കീഴിലാണ് ചെയ്തുവരുന്നത്. |
| (ബി) | ഇത്തരത്തിൽ ഏറ്റെടുത്ത തോട്ടങ്ങളിലെ തൊഴിലാളികളുടെ സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (ബി) | ചെറുനെല്ലി എസ്റ്റേറ്റിലെ വിളശേഖരണവും മറ്റ് അനുബന്ധ ജോലികളും വനസംരക്ഷണ സമിതി മുഖേന നിലവിലുണ്ടായിരുന്ന തൊഴിലാളികളേയും ഉൾപ്പെടുത്തി വനം വകുപ്പ് നിർവ്വഹിച്ചുവരുന്നു. കെ.എഫ്.ഡി.സിയ്ക്ക് കൈമാറിയ തോട്ടങ്ങളിലെ ജോലികളെല്ലാം തന്നെ അവിടെയുണ്ടായിരുന്ന തൊഴിലാളികളെകൊണ്ട് കെ.എഫ്.ഡി.സി നിർവ്വഹിച്ചു വരുന്നു. |
| (സി) | നെല്ലിയാമ്പതിയിൽ പാട്ടക്കാലാവധി കഴിഞ്ഞ ഏതെല്ലാം തോട്ടങ്ങളാണ് ഇനി ഏറ്റെടുക്കാനുള്ളത് എന്ന് വിശദമാക്കുമോ? | (സി) | നെല്ലിയാമ്പതിയിൽ പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങളൊന്നും ഇനി ഏറ്റെടുക്കാനില്ല. |

Ajith ab

സെക്ഷൻ ഓഫീസർ